# മോഹൻ മെമ്മോറിയൽ എൽ പി സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

# ആമുഖം

കേരളത്തിലെ പൊതു വിദ്യാഭ്യാസരംഗം ശ്രദ്ധേയമായ മുന്നേറ്റത്തിന്റെ സാക്ഷ്യം വഹിക്കുകയാണ്. പൊതു വിദ്യാഭ്യാസത്തെ അന്താരാഷ്ട്രനിലവാരത്തിലെത്തിക്കുന്നതിന് വേണ്ടി അതിന്റെ ഭൗതികവും അക്കദമികവുമായ നിലവാരം ഉയർത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് വരികയാണ്.എല്ലാവര്ക്കും വിദ്യാഭ്യാസം നല്കുന്നതിനോടൊപ്പം ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുകയെന്നതാണ് ആധുനിക വിദ്യാഭ്യാസ സമീപനം.ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനു വേണ്ടി വിദ്യാലയങ്ങളുടെ ഭൗതികവും അക്കാദമികവുമായ പുരോഗതി കൈവരിക്കേണ്ടത് അത്യാവശ്യമായ കാര്യമാണ്.അക്കാദമിക നിലവാരം ഉയർത്തുന്നതിനും അതുവഴി ഗുണമേന്മ വിദ്യാഭ്യാസം കുട്ടികൾക്ക് ഉറപ്പ് വരുത്തുന്നതിനും വേണ്ടി മോഹൻ മെമ്മോറിയൽ എൽ പി സ്കൂൾ ഈ വർഷം നടത്താൻ ഉദ്ദേശിക്കുന്ന അക്കാദമിക പ്രവർത്തനങ്ങളുടെ ഒരു ആസൂത്രണ രേഖയാണ് ഇവിടെ സമർപ്പിക്കുന്നത്.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | മോഹൻ മെമ്മോറിയൽ എൽ പി സ്കൂൾ |
| മേൽവിലാസം | : | കല്ലിൽത്താഴെ,പാറാൽ(പി ഒ ) തലശ്ശേരി, കണ്ണൂർ |
| ഫോൺ | : | 9496716500 |
| സ്കൂൾ കോഡ് | | 14237 |
| വിദ്യാഭ്യാസ ഉപജില്ല | : | തലശ്ശേരി സൗത്ത് |
| ബി ആർ സി | : | തലശ്ശേരി സൗത്ത് |
| മുൻസിപ്പാലിറ്റി | : | തലശ്ശേരി |
| താലൂക്ക് | : | തലശ്ശേരി |
| ജില്ല | : | കണ്ണൂർ |
| ഇ മെയിൽ വിലാസം | : | mohanmemoriallps@gmail.com |

# അധ്യാപകർ 2025-26

| അധ്യാപകർ | |
|---|---|
| ഷീന എം | HM |
| മിനി കെ | LPST |
| രമ  വി ആർ | LPST |
| ഷരോൺ എം | LPST |
| തുഷാര അടിയേരി | LPST |

# പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക .

2. എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. വായന ഒരു സംസ്കാരമായി   രൂപപ്പെടുത്തുന്നതി നാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

4. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

5. ആശയ പ്രകടനശേഷി വർധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

6. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

7. ഹരിതപെരുമാറ്റച്ചട്ടം പാലിച്ചുകൊണ്ട് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മന്റ്, മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

8. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം, എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- ഭാഷാ ശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
- സ്വതന്ത്ര വായനനയ്ക്ക് സജ്ജരാക്കുക.
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
- സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
- ക്ലാസ് തല വായന മൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

## പരിസരപഠനം

- ശാസ്ത്രപഠനത്തിൽ താല്പര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
- ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക.
- ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

- ജനാധിപത്യ വേദികൾ ഒരുക്കുക.
- സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവവാദിത്തം തിരിച്ചറിഞ്ഞു പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
- ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
- ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

## ഗണിതം

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ഓരോ ക്ലാസ്സിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
- ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
- ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

- വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കംപ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തി പരിചയം

- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉല്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
- ഇതര വിഷയങ്ങളുമായി / പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക. കലാഭിരുചി വളർത്തുക.
- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

- എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക. ആരോഗ്യ ശീലങ്ങൾ വളർത്തുക.
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
- ക്യാമ്പസിനെ മാലിന്യമുക്തമാക്കുക,ഹരിതാഭമാക്കുക.

## ഭാഷ

<table>
<tr><td colspan="3">പ്രവർത്തനം 1<br>പേര് : പുസ്തകം എന്റെ ചങ്ങാതി<br>ഉപമേഖല : വായന</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td></tr>
<tr><td>കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക</td><td>പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനയി പ്രദർശിപ്പിക്കുന്നു.ലഘു വിവരണവും പ്രദർശിപ്പിക്കുന്നു.</td><td>ആഴ്ചയിൽ ഒരു ദിവസം</td></tr>
<tr><td colspan="3">പ്രവർത്തനം 2<br>പേര് : എന്റെ പിറന്നാൾ പുസ്തകം<br>ഉപമേഖല : വായന</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td></tr>
<tr><td>മികച്ച വായനാശീലം വളർത്തുക.</td><td>എല്ലാ ക്ലാസ്സിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. പിറന്നാൾ പുസ്തകം പദ്ധതിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു.</td><td>ജൂൺ മുതൽ മാർച്ച് വരെ.</td></tr>
<tr><td colspan="3">പ്രവർത്തനം 3<br>പേര് : ഉച്ചഭാഷിണി വായന<br>ഉപമേഖല : വായന</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td></tr>
<tr><td>അർത്ഥ പൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു.</td><td>ഉച്ചഭാഷിണിയിലൂടെ കുട്ടിയുടെ വായന</td><td>ജൂൺ മുതൽ മാർച്ച് വരെ.</td></tr>
</table>

<table>
<tr><td colspan="3">പ്രവർത്തനം 4<br>പേര് : വായനാ കോർണർ<br>ഉപമേഖല : വായന</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td></tr>
<tr><td>മികച്ച വായനാശീലം വളർത്തുക.</td><td>ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേകം വായന കോർണർ ഒരുക്കുന്നു.</td><td>ജൂൺ മുതൽ മാർച്ച് വരെ.</td></tr>
<tr><td colspan="3">പ്രവർത്തനം 5<br>പേര് : സ്കൂൾ ലൈബ്രറി<br>ഉപമേഖല : വായന</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td></tr>
<tr><td>മികച്ച വായനാശീലം</td><td>സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ.</td><td>ജൂൺ മുതൽ മാർച്ച് വരെ.</td></tr>
<tr><td colspan="3">പ്രവർത്തനം 6<br>പേര് : ക്ലാസ് തല പതിപ്പുകൾ<br>ഉപമേഖല : ലേഖനം</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td></tr>
<tr><td>ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്ന തിനുള്ള കഴിവ് നേടുക.</td><td>വിദ്യാലയ വിശേഷങ്ങൾ ക്ലാസ്സിലെ വിവരങ്ങൾ പങ്കുവെയ്ക്കുന്ന പതിപ്പുകൾ ഒരുക്കൽ.</td><td>എല്ലാ മാസവും.</td></tr>
<tr><td colspan="3"></td></tr>
</table>

<table>
<tr><td colspan="3">പ്രവർത്തനം 7<br>പേര് : എന്റെ വായനകുറിപ്പുകൾ<br>ഉപമേഖല : ലേഖനം</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td></tr>
<tr><td>എല്ലാകുട്ടികളെയും<br>അർത്ഥപൂർണമായി<br>വായിക്കുന്നതിനും<br>എഴുതുന്നതിനും<br>പ്രാപ്തരാക്കുക.</td><td>വായിച്ച<br>പുസ്തകങ്ങളെക്കുറിച്ചു<br>ള്ള വായനക്കുറിപ്പ്<br>തയ്യാറാക്കൽ.</td><td>ജൂൺ മുതൽ<br>മാർച്ച് വരെ.</td></tr>
<tr><td colspan="3">പ്രവർത്തനം 8<br>പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ<br>രൂപീകരിക്കുക<br>ഉപമേഖല : ആശയഗ്രഹണം</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td></tr>
<tr><td>ആശയവിനിമയ<br>ശേഷി<br>കൈവരിക്കൽ</td><td>പഠന പിന്നാക്കാവസ്ഥ<br>നേരിടുന്ന കുട്ടികൾക്ക്<br>പ്രത്യേക പരിശീലനം.</td><td>ജൂൺ മുതൽ<br>മാർച്ച് വരെ.</td></tr>
</table>

# ഇംഗ്ലീഷ്

**പ്രവർത്തനം 1**

പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ. | ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരുദിവസം. |

**പ്രവർത്തനം 2**

പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്. | ഓരോ ദിവസത്തെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുന്നു. | ആഴ്ചയിൽ ഒരു ദിവസം. |

**പ്രവർത്തനം 3**

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കുന്നു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ഓഗസ്റ്റ് - സ്വാതന്ത്ര്യ ദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധിജി<br>നവംബർ - കേരളം | ഓരോ മാസവും |

<table>
<tr><td></td><td>ഡിസംബർ - ക്രിസ്മസ്<br>ജനുവരി - ന്യൂ ഇയർ</td><td></td></tr>
<tr><td colspan="3">പ്രവർത്തനം 4<br>പേര് : റീഡിങ് കാർഡ് വർക്ക് ഷോപ്<br>ഉപമേഖല : വായനാ സാമഗ്രി</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td></tr>
<tr><td>ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക.</td><td>രക്ഷിതാക്കളുടെ സഹായത്തോടെ വായനാ കാർഡ് നിർമ്മിക്കൽ</td><td>ഓഗസ്റ്റ്</td></tr>
<tr><td colspan="3">പ്രവർത്തനം 5<br>പേര് : വർക്ക്ഷീറ്റ് വർക്ക്ഷോപ്<br>ഉപമേഖല : അധ്യാപക ശാക്തീകരണം</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td></tr>
<tr><td>മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക.</td><td>ഭിന്ന നിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു.</td><td>സെപ്റ്റംബർ</td></tr>
</table>

## ഗണിതം

| പ്രവർത്തനം 1<br>പേര് : ഗണിത വർക്ക്ഷീറ്റ് ശില്പശാല<br>ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ | | |
|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| പാഠ്യ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ. | ഓരോ ടെർമിന്റെയും തുടക്കത്തിൽ. |
| **പ്രവർത്തനം 2**<br>പേര് : ഗണിതലാബ്<br>ഉപമേഖല : ഗണിത കേളികൾ | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപെഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ. |
| **പ്രവർത്തനം 3**<br>പേര് : ഗണിതമൂല<br>ഉപമേഖല : ഗണിത കേളികൾ | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | മുഴുവൻ ക്ലാസ്സിലും ഗണിത മൂലകൾ ക്രമീകരിക്കൽ | ജൂൺ |
| **പ്രവർത്തനം 4**<br>പേര് : യൂണിറ്റ് വിലയിരുത്തൽ<br>ഉപമേഖല : യൂണിറ്റ് ടെസ്റ്റ് | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |

<table>
<tr><td>ഓരോ ക്ലാസ്സിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ.</td><td>ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാര ബോധനം ഉറപ്പ്വരുത്തുന്നു.</td><td>ജൂൺ മുതൽ മാർച്ച് വരെ.</td></tr>
<tr><td colspan="3">പ്രവർത്തനം 5<br>പേര് : ഗണിത ക്ലാസ് പി ടി എ<br>ഉപമേഖല : സി പി ടി എ ശാക്തീകരണം</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td></tr>
<tr><td>ഓരോ ക്ലാസ്സിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്നുറപ്പാക്കൽ.</td><td>ഓരോ ക്ലാസ്സിലും ഗണിത പാഠങ്ങളിലെ ഹോം വർക് പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു.പിന്തുണാ സംവിധാനം ഒരുക്കുന്നു.</td><td>ഓരോ ടേമിലും.</td></tr>
<tr><td colspan="3">പ്രവർത്തനം 6<br>പേര് : ഗണിത മധുരം<br>ഉപമേഖല : ഗണിത കേളികൾ</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td></tr>
<tr><td>അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ.</td><td>ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ.</td><td>ജൂൺ മുതൽ ജനുവരി വരെ.</td></tr>
</table>

# പരിസര പഠനം

| പ്രവർത്തനം 1<br>പേര് : ശാസ്ത്ര പഠനോപകരണ ശില്പശാല<br>ഉപമേഖല : ലാബ് ശാക്തീകരണം | | |
|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക. | ഓരോ ക്ലാസ്സിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കൽ. | ഓരോ ടേമിലും |
| **പ്രവർത്തനം 2**<br>പേര് : എന്റെ പരീക്ഷണം( കുറിപ്പ് തയ്യാറാക്കൽ)<br>ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| ശാസ്ത്ര പഠന താല്പര്യം വളർത്തുക,ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസിലാക്കുന്ന തരത്തിൽ പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ. | എല്ലാ മാസത്തിലും |
| **പ്രവർത്തനം 3**<br>പേര് : പരീക്ഷണ കിറ്റ്<br>ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| ശാസ്ത്ര പ്രക്രിയാ ശേഷിയുടെ വളർച്ചക്കിണങ്ങുംവിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | കുട്ടികൾക്ക് ശാസ്ത്ര പരീക്ഷണങ്ങൾക്കിനങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച പരീക്ഷണ കിറ്റ് തയ്യാറാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ. |

## സാമൂഹികാവബോധം

| | | |
|---|---|---|
| **പ്രവർത്തനം 1**<br>പേര് : അതിഥിയെ അറിയൽ<br>ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| ചർച്ചകൾ,സംവാദങ്ങൾ,അഭിമുഖങ്ങൾ എന്നിവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന്. | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ,സംവാദങ്ങൾ ക്ലാസ് തലത്തിൽ നസംഘടിപ്പിക്കൽ. | ഓരോ മാസത്തിലും |
| **പ്രവർത്തനം 2**<br>പേര് : പ്രാദേശിക അറിവ്<br>ഉപമേഖല : നാട്ടറിവ് | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന്. | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശില്പശാലകൾ നടത്തുകയും ചെയ്യുക. | നവംബർ |
| **പ്രവർത്തനം 3**<br>പേര് : ഫീൽഡ് ട്രിപ്പ്<br>ഉപമേഖല : പൊതു സ്ഥാപനങ്ങൾ | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന പൊതു സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്. | പോലീസ് സ്റ്റേഷൻ,പോസ്റ്റ് ഓഫീസ് , പഞ്ചായത്ത് ഓഫീസ്,ആശുപത്രി etc ഫീൽഡ് ട്രിപ്പ്. | ഓരോ മാസത്തിലും |

# വിവര സാങ്കേതിക വിദ്യ

| **പ്രവർത്തനം 1**<br>പേര്     :   വിവര സാങ്കേതിക  പരിശീലനം<br>ഉപമേഖല :   അധ്യാപക ശാക്തീകരണം | | |
|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട ഐ സി ടി സാധ്യതകൾ ശേഖരിക്കൽ.പരിചയപ്പെടുത്തൽ. | ഓരോ മാസത്തിലും. |
| **പ്രവർത്തനം 2**<br>പേര്     :   ഐ ടി ലാബ്<br>ഉപമേഖല :   കമ്പ്യൂട്ടർ വിജ്ഞാനം | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള അവസരം. | ഐ ടി / ഐ സി ടി പ്രവർത്തനങ്ങൾ / പരിപാടികൾ സംഘടിപ്പിക്കൽ. | ജൂൺ- ഓഗസ്റ്റ് |

# പ്രവൃത്തി പരിചയം

| പ്രവർത്തനം 1<br>പേര് : പ്രവൃത്തി പരിചയ ശില്പശാല<br>ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക. | | |
|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ. | സെപ്റ്റംബർ |
| **പ്രവർത്തനം 2**<br>പേര് : പേപ്പർ ബാഗ് നിർമ്മാണം<br>ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ് | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമ്മാണ പരിശീലനം | ജൂൺ-മാർച്ച് |
| **പ്രവർത്തനം 3**<br>പേര് : ഒറിഗാമി<br>ഉപമേഖല : കരകൗശല പരിശീലനം | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| ഇതര വിഷയവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ.പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ. | ജൂലൈ |

# സർഗവേദി

**പ്രവർത്തനം 1**

പേര് : സർഗവേദി

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കാലാഭിരുചി വളർത്തുക | ആഴ്ചയിൽ ദിവസം എല്ലാ ക്ലാസ്സിലും സർഗവേദി നടത്തൽ | എല്ലാ ആഴ്ച്ചയിലും |

**പ്രവർത്തനം 2**

പേര് : ടാലെന്റ് ലാബുകൾ

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണെന്ന് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക. | നൃത്തം,ആലാപനം,ചിത്രരചന,ക്രാഫ്റ്റ് വർക്ക്,പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും |

**പ്രവർത്തനം 3**

പേര് : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | മികവുകൾ സോഷ്യൽ മീഡിയ വഴി സമൂഹവുമായി പങ്കുവെക്കൽ. | ജൂൺ-മാർച്ച് |

# ആരോഗ്യ - കായിക - വിദ്യാഭ്യാസം

**പ്രവർത്തനം 1**

പേര് : കായികാരോഗ്യം

ഉപമേഖല : എയറോബിക് /അത്‌ലറ്റിക് പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| മനസിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി,അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | എയറോബിക് /അത്‌ലറ്റിക് പരിശീലനം | ജൂൺ- മാർച്ച് |

**പ്രവർത്തനം 2**

പേര് : ഹെൽത്ത് ചെക്ക് അപ്പ്

ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| എല്ലാ കുട്ടികൾക്കും കായിക ആരോഗ്യക്ഷമത ഉറപ്പ് വരുത്തുക. | എല്ലാ കുട്ടികൾക്കും ആരോഗ്യക്ഷമത ഉറപ്പ് വരുത്താനായി ആദ്യ ടേമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ- സെപ്റ്റംബ ർ |

**പ്രവർത്തനം 3**

പേര് : കായിക വിദ്യാഭ്യാസം - അധ്യാപക ശില്പശാല

ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം. | പി ഇ ടി പീരിയഡിൽ ഫിസിക്കൽ എക്സ്സ്യ്സ് ,ഗെയിംസ് എന്നിവ നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ. | ജൂൺ- മാർച്ച് |